# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.371
## 03.03.2020 - ലെ മറുപടിക്ക്

**എം.എൽ.എ ആസ്തി വികസന ഫണ്ട്**

| ചോദ്യം<br>**ശ്രീ. ടി.എ.അഹമ്മദ് കബീർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി പദ്ധതി നടത്തിപ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസിക്ക് കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി പദ്ധതി നടത്തിപ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് ബന്ധപ്പെട്ട ഗുണഭോക്തൃ വകുപ്പുകളാണ്. ഗുണഭോക്തൃ വകുപ്പുകളുടെ ശീർഷകത്തിൽ തുക മതിയാകാതെ വരുമ്പോൾ ആവശ്യപ്പെടുന്ന അധിക തുക അനുവദിക്കുകയും ചെയ്യുന്നു. |
| ബി) മങ്കട നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയായതും ബിൽ തുക അനുവദിക്കേണ്ടതുമായ ബില്ലുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസിക്ക് നൽകുവാനുണ്ടോ; | മങ്കട നിയോജകമണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയായതും ബിൽ തുക അനുവദിക്കേണ്ടതുമായ ബില്ലുകളുടെ വിവരം ശേഖരിച്ച് വരുന്നു. കുടിശ്ശിക ബില്ലുകൾ വേഗത്തിൽ മാറുന്നതിന് ബില്ല് ഡിസ്കൗണ്ടിങ് സിസ്റ്റം നടപ്പിൽ വന്നിട്ടുണ്ട്. |
| സി) ഇത്തരത്തിൽ കുടിശ്ശിക ബില്ലുകൾ വേഗത്തിൽ പരിശോധിച്ച് തുക കൈമാറുന്നതിനുള്ള അനുമതി നൽകാമോ; | |
| ഡി) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഡെപ്പോസിറ്റ് ഫണ്ട് ആയതിനാൽ കുടിശ്ശിക നിർത്തുന്ന സമ്പ്രദായം മാറ്റി ബില്ലുകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ